## സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ
## കവടിയാർ



# ബോധി

ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാഗസീൻ

2019-2020

# ബോധി

# ഹെഡ്മാസ്റ്ററുടെ ആശംസകൾ



**അറിവിന്റയും അനുഭവത്തിന്റയും പാതകള് താണ്ടി ശാസ്ത്രസാങ്കേതികവിദ്യയുടെ പുതിയമാനങ്ങൾ തീർത്തുകൊണ്ട് ലിറ്റിൽ കൈറ്റ് മുന്നേറുകയാണ്. സാൽവേഷൻ ആർമി സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ നേതൃത്ത്വത്തിൽ പുറത്തിറക്കുന്ന രണ്ടാമത്തെ ഡിജിറ്റൽ മാഗസിൻ ആണ് ബോധി. വിജ്ഞാനത്തിന്റെയും ഡിജിറ്റൽ വായനയുടെയും പുതിയൊരു വാതിൽതുറക്കുകയാണ് ഈ മാഗസിൻ. ഇതിന് വേണ്ടി പരിശ്രമിച്ച ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ ആശംസകൾ.**

# സ്കൂളിന്റെ നാൾവഴികളിലൂടെ........




തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിലുള്ള കവടിയാർ കൊട്ടാരത്തിനു സമീപത്ത് സ്ഥിതിചെയ്യുന്ന സാൽവേഷൻ ആർമി മാനേജ്മെന്റിന്റെ കീഴലുള്ള സ്കൂളാണിത്. ലോകശ്രദ്ധ വളരെവേഗം നേടിയ സാൽവേഷൻ ആർമി അഥവാ രക്ഷാസൈന്യത്തിന്റെ സ്ഥാപകൻ വില്യംബൂത്താണ്. ഇംഗ്ലീഷ് സ്കൂളായി ആരംഭിച്ച സാൽവേഷൻ ആർമി ക്രമേണ

ഹൈസ്കൂളായും ഹയർസെക്കന്ററിയായും ഉയർത്തപ്പെട്ടു.അൺഎയ്ഡഡ് സ്കൂളുകളുടെ കടന്നുകയറ്റം നമ്മുടെ സ്കൂളിലെ കുട്ടികളുടെ എണ്ണത്തെയും സാരമായി ബാധിച്ചു. എന്നാൽ പരിമിതമായ ഭൗതികസാഹചര്യത്തിൽ നിന്നുകൊണ്ട് പഠനനിലവാരം മെച്ചപ്പെടുത്തുവാനും പത്താംക്ലാസ്സിന് തുടർച്ചയായി 100% വിജയവും രണ്ട് Full A+ ഉം നേടുവാനും കഴിഞ്ഞു.

## जलसंरक्षणम्



जीवने जलस्य अतीव  प्राधान्यमस्ति जन्तव : जलं विना केवलं द्वित्राणि दिनानि ऍव सजीवं वस्तुं प्रभवन्ति l अत : एव  जलस्य संरक्षणम्  अतीव प्राधान्यमर्हन्ति l  जलस्य संरक्षणार्थम् जलसञ्चयानां परिपालनम्व प्रथमतया करणीयम् l वापिकूपतटाकादय : मलिनमुक्ता : संरक्षणीया : l केदारा: भूमे : शुद्धजलसञ्चया:एव l ता: अपि परिपालनीया: l वाप्यादिषु अवशिष्टानां वस्तूनां प्रक्षेप: इदानां वर्धित: l तेनैव पानीयं जलं सर्वत्र मलिनं जायते l वृष्टिजलस्य संरक्षणमेव अत्र अधिकं प्राधान्यमर्हति l

Ananthakrishnan C A ,X B




1. അഗ്നിഹോത്രി

2. രചകൻ

3. പെരുന്തച്ചൻ
4. വള്ളോൻ
5. വായില്ലാകുന്നിലപ്പൻ
6. വടുതലനായർ
7. കാരയ്ക്കലമ്മ
8. ഉപ്പുകൊറ്റൻ
9. പാണനാർ
10. നാറാണത്ത് ഭ്രാന്തൻ
11. ചാത്തനാർ
12. പാക്കനാർ

# ആറൻമുള കണ്ണാടി




അതിവിശിഷ്ടവും അത്യപൂർവ്വവുമായ ഒരു കലാസൃഷ്ടിയാണ് ആറന്മുള കണ്ണാടി. ആറന്മുള എന്ന പ്രദേശത്തെ ചില കുടുംബക്കാർക്ക് മാത്രം വൈദഗ്ധ്യമുള്ള പ്രത്യേക കലാസൃഷ്ടിയാണിത്. വെള്ളോട് എന്ന ലോഹസങ്കരം ഉപയോഗിച്ച് തുടർച്ചയായി മിനുസപ്പെടുത്തിയാണ് ഇത് ഉണ്ടാക്കുന്നത്.

വളരെ മനോഹരമായ രീതിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.

**വിദേശരാജ്യങ്ങളിൽവരെ ഇത് പ്രസിദ്ധമാണ്. സർക്കാരിന്റെ പ്രോത്സാഹനം ഇതിന്റെ നിർമ്മാണത്തിൽ ലഭിക്കുന്നുണ്ട്.**

## മേത്തൻമണി



തിരുവനന്തപുരത്ത് പത്മനാഭസ്വാമിക്ഷേത്രത്തിന് സമീപമുള്ള പുത്തൻമാളിക കൊട്ടാരസമുച്ചയത്തിലാണ് മേത്തൻമണി എന്ന് പേരുള്ള ചുവർഘടികാരമുള്ളത്.

സ്വാതിതിരുനാൾ മഹാരാജാവിന്റെ
കാലത്ത് ' കുളത്തുരാൻ' എന്ന
ശില്പിയാണ് ഇത് നിർമ്മിച്ചത്. '
സൂത്രംആശാരി' എന്ന പ്രസിദ്ധിനേടിയ
ഇതിന്റെ നിർമ്മാണകൗശലം
പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.
ഘടികാരത്തിൽ തടിയിൽതീർത്ത
മനുഷ്യമുഖവും രണ്ട് ആടുകളുമുണ്ട്. ഓരോ
മണിക്കൂർ ആകുമ്പോഴും ആടുകൾ
മനുഷ്യമുഖത്തിന്റെ തലയിൽ ഇടിക്കും.
അപ്പോൾ മനുഷ്യന്റെ വായിൽനിന്നും
മണിയൊച്ച പുറത്തേക്ക് വരുന്നു.
ഇങ്ങനെ ഒരു കലാവിസ്മയം
മറ്റൊരിടത്തും കാണാൻ കഴിയുകയില്ല.

# സഡാക്കോ സുസുകി



സഡാക്കോ സുസുകി എന്ന പെൺകുട്ടിയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ അമേരിക്ക ഹിരോഷിമയിൽ അണുബോംബ് വർഷിച്ചതിനെ തുടർന്നുണ്ടയ റേഡിയേഷന് ഇരയായിരുന്ന ഈ ജാപ്പനീസ് പെൺകുട്ടി. ആ കാലത്ത് ജപ്പാൻക്കാരുടെയിടയിൽ ഒരു വിശ്വാസമുണ്ടായിരുന്നു. രോഗക്കിടക്കയിൽ വച്ച് 1000 പേപ്പർ കൊക്കുകളെ ഉണ്ടാക്കിയാൽ എത്ര മാരകരോഗമായാലും പെട്ടെന്ന് കുറയുമെന്ന് അതിൽ പ്രകാരം ആശുപത്രി കിടക്കയിൽ വച്ച് സഡാക്കോ സുസുകി പേപ്പർ കൊക്കുകളെ ഉണ്ടക്കാൻ ആ കുട്ടിക്ക് കഴിഞ്ഞില്ല അതിനു മുമ്പേ അവൽ മരണത്തിന് കിഴടങ്ങി 644 കൊക്കുകളാണ് കൊച്ചു സുസുകി ഉണ്ടാക്കിയത് അന്നുമുതൽ പേപ്പർ കൊക്കുകൽ സഡാക്കോ കൊക്കുകൽ എന്ന പേരിൽ സമാധാനത്തിൻ നിലകോളളുന്നു

baby divya,jyothi

9b

# കുഞ്ചൻ നമ്പ്യാരും ഉണ്ണായി വാര്യരും

ഓട്ടൻ തുള്ളലിന്റെ പിതാവായ കുഞ്ചൻ നമ്പ്യാരും നളചരിതം ആട്ടക്കഥയുടെ പിതാവായ ഉണ്ണായി വാര്യരും തമ്മിലുള്ള കഥയാണിത്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കൊട്ടാരത്തിലെ രാജസദസ്സിൽ ഇരുവരും താമസിക്കുന്ന കാലം. ഇരുവരും തമ്മിൽ തമ്മിൽ പരിചയപ്പെട്ടിട്ടില്ലായിരുന്നു.ഇനിയും സമയം കിടക്കുകയല്ലേ എന്നായിരുന്നു കുഞ്ചൻ നമ്പ്യാരുടെ വിചാരം എന്നാൽ ഉണ്ണായി വാര്യരുടെ ചിന്താഗതി മറിച്ചായിരുന്നു ""താൻ വലിയ സംസ്കൃത പണ്ഡിതനാണെന്നും കുഞ്ചന് വേണമെങ്കിൽ തന്നെ വന്ന് പരിചയപ്പെടാം അല്ലാത് താൻ അവിടേക്ക് പരിചയപ്പെടാൻ ചെല്ലില്ല എന്നായിരുന്നു".
അങ്ങനെയിരിക്കെ ഒരു ദിവസം ഇരുവരും യാദൃശ്ചികമായി പത്മ തീർത്ഥ കുളത്തിൽ ഒരേ സമയം കുളിക്കാൻ എത്തി. അപ്പോളാണ് അവർ ആ കാഴ്ച കണ്ടത് ഒരു യുവതിയും അവളുടെ തോഴിമാരും കുളിക്കാനായി വരുന്നു .യജമാനത്തിയെക്കാൾ സുന്ദരിയാണ് അവളുടെ ഒരു തോഴി അവളുടെ കയ്യിൽ ഒരു പാത്രം താളിയുമുണ്ട് .കുഞ്ചൻ നമ്പ്യാരെ പരീക്ഷിക്കാനായി വാര്യർ ഒരു ചോദ്യം ചോദിച്ചു "കാതിലോല"സാധാരണ കേൾക്കുന്നവർക്ക് ആദ്യം തോന്നുക യജമാനത്തിയുടെ കാതിൽ ഇട്ടിട്ടുള്ള ഓലക്കമ്മലിനെക്കുറിച്ചായിരിക്കും വാര്യർ ചോദിച്ചതെന്ന് എന്നാൽ അദ്ദേഹം പറഞ്ഞത് "കാ അതിലോല"(ആരാണ് സുന്ദരി?) എന്നാണ്.കുഞ്ചൻ പേട്ടന്ന തന്നെ ഉത്തരം പറഞ്ഞു നല്ല താളി (താളിയുമായി പോകുന്നവളാണ് ഏറ്റവും സുന്ദരി)കുഞ്ചൻ

ബോധി

നമ്പ്യാരുടെ ഉത്തരം വാര്യർക്ക് ഇഷ്ടമായി.കുഞ്ചന്റെ സംസ്കൃത പാണ്ഡിത്യവും നർമ്മബോധവും വാര്യർക്ക് ഇഷ്ടമായി.

## ഗുണപാഠം:ഒരാളെയും കുറവ് പറഞ്ഞ് തള്ളിക്കളയരുത്




## വിജയലക്ഷ്മി

1960-ൽ എറണാകുളം ജില്ലയിലെ മുളന്തുരിത്തിയിൽ ജനിച്ചു. മൃഗശിക്ഷകൻ, തച്ചരുടെ മകൾ, മഴതൻ മറ്റേതോ മുഖം, അവസാനപ്രലോഭനം,ഹിമസമാധി, ഒറ്റമണൽത്തരി തുടങ്ങിയവ പ്രധാന

കവിതസമാഹാരങ്ങൽ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്

# സ്കൂൾ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിലൂടെ





# വായനാദിനം





## സ്കൂൾ ഭരണഘടന

## സ്മാർട്ട് അമ്മ





## പ്രതിഭകൾക്കൊപ്പം



## SPECIAL ASSEMBLY


അവർക്കും
ജീവിക്കണം
ഭിന്നശേഷിക്കാരെ
അവഗണിക്കരുത്
അവരും
മനുഷ്യരാണ്
ഭിന്നശേഷിക്കാരെ
നമ്മൾ
പരമാവധി
സഹായിക്കും
ഒരു പക്ഷെ
ഇത് നമുക്കും
സംഭവിക്കാം
അഹങ്കരിക്കരുത്
ഒരിക്കലും



വിനോദയാത്ര

# സ്കൂൾ മാഗസിൻ തയ്യാറാക്കൽ

